OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. III Book. 02 Regd. No. ER/450/2001 1196 മകരം-കുംഭം Date: 28.02.2021

# ലോക വിവാഹ ദിനവും പ്രണയദിനവും ഫെബ്രുവരി 14ന്

2021 ഫെബ്രുവരി മാസം 14-ാം തിയതി പ്രണയദിനമാണ്. യാദൃച്ഛികമെങ്കിലും ലോക വിവാഹ ദിനവും ഈ ദിവസം തന്നെയാണ്.

ഏറ്റവും വലിയ പാരസ്പര്യമാണ് പ്രണയവും വിവാഹവും. മുതിർന്ന പൗരന്മാരായ പെൻഷണേഴ്സ് തലമുറകൾ കടന്ന് പ്രണയത്തിന്റെ ഇന്നെത്തിനില്ക്കുന്ന രൂപവും ഭാവവും കണ്ട് അമ്പരന്നേക്കാം. പഴയ തലമുറയ്ക്ക് കാത്തുകാത്തിരുന്ന കത്തുകളുടെയും അമ്പലപ്പറമ്പുകളിലും പള്ളിമുറ്റത്തുമൊക്കെയുള്ള പേടിച്ചുള്ള കണ്ടുമുട്ടലുകളിലൂടേയും ഒളിച്ചുള്ള നോട്ടങ്ങളുടേയുമൊക്കെ മധുരസ്മരണകളാണ്. അന്ന് പ്രണയം അതീവ രഹസ്യമായ ഒരേർപ്പാടായിരുന്നു. ധൈര്യവും സാഹസികതയും അനിവാര്യമായിരുന്നു.

കാലം കടന്നു പോകവേ പ്രണയ ചിന്തകളിൽ ഒരുപാട് മാറ്റങ്ങൾ വന്നു. ഇന്നത് ഒളിച്ചുവയ്ക്കേണ്ട കാര്യമാണെന്ന് പുതിയ തലമുറ കരുതുന്നില്ല. പ്രണയ സാഫല്യവും 'തേച്ചു' പോകലുമൊക്കെ ഉൾക്കൊള്ളുവാനുള്ള ആർജ്ജവവും ത്രാണിയും പ്രകടിപ്പിക്കുന്നവരുമാണിന്നത്തെ തലമുറ. പ്രായോഗികമായി ചിന്തിക്കുവാനും ജാതി, മത, സമൂഹ കീഴ്‌വഴക്കങ്ങളെ ആശ്രയിക്കാതെ പ്രണയ സാഫല്യവും വിവാഹബന്ധങ്ങളും സ്വതന്ത്രമായി കൊണ്ടുനടക്കാനും ഇന്ന് കഴിയുന്നു. തീവ്രമായ നിരാശയിൽ ആസിഡും, മണ്ണെണ്ണയും, പെട്രോളുമൊക്കെ പ്രയോഗിച്ചവരും അപൂർവമായുണ്ടെങ്കിലും ഇന്നത്തെ സമൂഹത്തിൽ അവ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണ് താനും.

പ്രകൃതിയുടെ നിലനില്പ്പിനാധാരമായ പരസ്പരാകർഷണത്തിന്റെ കാര്യത്തിൽ സമൂഹ മനസ്സിൽ ഒരുപാട് മാറ്റങ്ങൾ സ്വതന്ത്രമായി ഇനിയും സംഭവിക്കണം. സ്ത്രീ പുരുഷ സമത്വം, സമൂഹത്തിന്റേയും നീതിയുടേയും മുൻവിധികളില്ലാത്ത ഇടപെടൽ, ചാരിത്ര്യവും സംശുദ്ധിയും പുരുഷമേധാവിത്വ വിചാരങ്ങൾ തുടങ്ങി ഒരുപാട് കാര്യങ്ങളിൽ ഇനിയും സമൂഹ മനസാക്ഷി മാറേണ്ടതുണ്ട്. ജനിമൃതികളിലെ അനിവാര്യമായ നിലനില്പ്പിന്റെ, അതിജീവനത്തിന്റെ അമൃതസ്വരൂപമായ പ്രണയത്തെയും പാരസ്പര്യത്തെയും പ്രകൃതിയുടെ വഴിയിലേയ്ക്ക് ആനയിക്കുവാൻ ഒരുപാട് കാതം താണ്ടുവാനുണ്ടെന്ന് സാരം.




ഒരു വാലന്റീൻസ് ഡേ കാർഡ്

"വേൾഡ് മാര്യേജ് ഡേ" അഥവാ ലോക വിവാഹ ദിനം എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് ആചരിക്കുന്നത്. യാദൃച്ഛികമെങ്കിലും ഇത്തവണ അത് ഫെബ്രുവരി മാസം 14-ാം തിയതി പ്രണയദിനത്തിലാണ്. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തിന്റെ ആധാരശിലയായ ദാമ്പത്യത്തിന്റെ ഊടും പാവുമായ ഭാര്യയേയും ഭർത്താവിനേയും ആദരിക്കുന്നതിനായിട്ടാണ് ഈ ദിനാചരണം.

# ബഡ്ജറ്റ്

ഒരു നിശ്ചിത കാലയളവിലേയ്ക്ക് ഒരു പദ്ധതിയ്ക്കുള്ള സാമ്പത്തിക വശത്തെ വിശേഷിപ്പിക്കുന്ന പദമാണ് **ബഡ്ജറ്റ്**. വിൽപ്പന, വരുമാനം, ചെലവുകൾ, ആസ്തികൾ, ബാദ്ധ്യതകൾ, സാമ്പത്തിക സ്രോതസ്സുകൾ എന്നിവ ഇതിൽ ഉൾപ്പെട്ടേയ്ക്കാവുന്നതാണ്. ബിസിനസുകളുടെയോ സംഘടനകളുടെയോ അളക്കാവുന്ന തന്ത്രങ്ങൾ ഈ വിശേഷണത്തിൽ ഉൾപ്പെടുന്നു.

### ബഡ്ജറ്റ് പെട്ടി




'ബുഷെത്' എന്ന ഫ്രഞ്ച് വാക്കിൽ നിന്നാണ് ബഡ്ജറ്റ് എന്ന വാക്കിന്റെ ഉത്ഭവം. തുകലിന്റെ ചെറിയ പെട്ടി എന്നാണിതിന്റെ അർത്ഥം. ബ്രിട്ടീഷ് ബഡ്ജറ്റ് ചീഫ് വില്ല്യം ഇ ഗ്ലാഡ്സ്റ്റോണിന്റെ 1860 ലെ **ബഡ്ജറ്റ്** അവതരണത്തോടെയാണ് പെട്ടി ബഡ്ജറ്റ് അവതരണത്തിന്റെ ഭാഗമാകുന്നത്. കഴിഞ്ഞ വർഷം ഈ പാരമ്പര്യം ശ്രീമതി. നിർമ്മല സീതാരാമൻ തിരുത്തി. കഴിഞ്ഞതവണ പട്ടിൽ പൊതിഞ്ഞാണ് ബഡ്ജറ്റ് രേഖകൾ കൊണ്ടു വന്നത്. ഇക്കുറി ചരിത്രത്തിലെ ആദ്യ ഡിജിറ്റൽ ബഡ്ജറ്റും അവതരിപ്പിച്ച് അവർ ശ്രദ്ധേയയായി.

# ഇൻകം ടാക്സ്

ശമ്പള, പെൻഷൻ വരുമാനക്കാരെ നിരാശപ്പെടുത്തി ബഡ്ജറ്റ്. ഇൻകം ടാക്സ് സ്ലാബുകളിൽ മാറ്റമില്ല. 75 വയസ്സിന് മുകളിൽ പ്രായമുള്ള പെൻഷൻ മാത്രം വരുമാനമുള്ളവരെ ആദായ നികുതി റിട്ടേൺ സമർപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കും.

# ബാങ്ക് തകർന്നാൽ നിക്ഷേപകർക്ക് ഇൻഷുറൻസ് പരിരക്ഷ ഉടൻ നല്കും

ഡെപ്പോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രെഡിറ്റ് ഗാരന്റി കോർപ്പറേഷന്റെ നിക്ഷേപകർക്ക് ഉള്ള ഇൻഷുറൻസ് പരിരക്ഷ തുക ദാമോധരൻ കമ്മറ്റി ശുപാർശ ചെയ്ത പ്രകാരം അഞ്ചു ലക്ഷം രൂപായായി വർദ്ധിപ്പിച്ചിരുന്നു. ഈ തുക നിക്ഷേപകർക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് 2021-22 ലെ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

# പൊതുമേഖലാ ബാങ്കുകൾക്ക് 20,000 കോടി

പൊതുമേഖലാ ബാങ്കുകൾക്ക് റെഗുലേറ്ററി മാനദണ്ഡങ്ങൾ പാലിക്കുന്നതിനും മൂലധനം ഉയർത്താനുമായി 20,000 കോടി രൂപ അനവദിച്ചു. 2019-20 വർഷത്തിലും സമാനമായ തുക അനുവദിച്ചിരുന്നു.

## 2 പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവല്കരിക്കും

2021-22 സമ്പത്തിക വർഷത്തിൽ രണ്ട് പൊതു മേഖലാ ബാങ്കുകളെ സ്വകാര്യവല്കരിക്കുമെന്ന് കേന്ദ്ര ധനകാര്യമന്ത്രി. ക്യബിനറ്റ് അംഗീകരിച്ച പുതിയ തന്ത്രപ്രധാന പൊതുമേഖലാ ഓഹരി വില്പ്പന നയം പ്രകാരം ബാങ്കിംഗ് മേഖലയെ സ്റ്റ്രാറ്റജിക് സെക്ടറിൽ ഉൾപ്പെടുത്തിയിരിക്കയാണ്.

# കുടുംബപെൻഷൻ വർദ്ധനവിനുള്ള ഐ.ബി.ഐ. ശുപാർശ പരിഗണനയിൽ

## ധനമന്ത്രി നിർമ്മല സീതാരാമൻ



നിലവിൽ 9,284 രൂപ മാസ പരിധി നിശ്ചയിച്ച് 15%,20%,30% നിരക്കിൽ നല്കുന്ന കുടുംബ പെൻഷൻ എല്ലാവർക്കും 30% ആക്കി വർദ്ധിപ്പിക്കണമെന്ന് ഇന്ത്യൻ ബാങ്ക്സ് അസ്സോസിയേഷൻ ജനുവരി 25ന് ശുപാർശ നല്കിയതായി ധനമന്ത്രി നിർമ്മല സീതാരാമൻ വ്യക്തമാക്കി. ഇത് സജീവ പരിഗണനയിലാണ്. രാജ്യസഭയിൽ കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗം ശ്രീ.എം.വി.ശ്രേയാംസ് കുമാറിന് എഴുതി നല്കിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

# ബാങ്കിംഗ്



YONO CASH

ATM കാർഡ് കൂടാതെ ATM ൽ നിന്നും പണം പിൻവലിക്കൂ,
തികച്ചും സുരക്ഷിതമായി

## പണം പിൻവലിക്കുന്നതിനുള്ള രീതി

1 YONO ൽ Login ചെയ്യുക.
2 YONO Cash ൽ ATM തിരഞ്ഞെടുക്കുക.
3 അക്കൗണ്ട് നമ്പർ സെലക്ട് ചെയ്തതിനു ശേഷം തുക രേഖപ്പെടുത്തുക. (മിനിമം 500 രൂപ മുതൽ പരമാവധി 20,000 വരെ ഒരുതവണ, ഒരു ദിവസം 20,000 രൂപ വരെ ATM കാർഡ് പരിധിക്കു പുറമെ)
4 YONO Cash പിൻ സെറ്റ് ചെയ്യുക. (6 അക്കം)
5 YONO Cash ട്രാൻസാക്ഷൻ നമ്പർ മെസ്സേജ് ആയി ഉടൻ ലഭിക്കും. (നാല് മണിക്കൂർനകം ATM ൽ ഉപയോഗിക്കുക)

**ATM ൽ ചെന്നതിനു ശേഷം**

6 സ്ക്രീനിലുള്ള YONO Cash ബട്ടൺ സെലക്ട് ചെയ്യുക.
7 മെസ്സേജിലൂടെ ലഭിച്ച YONO Cash ട്രാൻസാക്ഷൻ നമ്പർ രേഖപ്പെടുത്തുക.
8 YONO Cash ലൂടെ ആവശ്യമുള്ള തുക രേഖപ്പെടുത്തുക.
9 YONO Cash പിൻ രേഖപ്പെടുത്തുക (6 അക്കം)
10 Select "Yes"

*ATM ൽ നിന്നും പണം സ്വീകരിക്കുക*

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## കരുതൽ ധനാനുപാതം (സി.ആർ.ആർ.) പുനസ്ഥാപിക്കുമെന്ന് റിസർവ് ബാങ്ക്

**ബാങ്കുകൾ നിയമാനുസൃതം സൂക്ഷിക്കേണ്ട കരുതൽ ധനാനുപാതം (സി,ആർ.ആർ.) രണ്ടു ഘട്ടമായി പുനസ്ഥാപിക്കുമെന്ന് റിസർവ് ബാങ്ക്. .കൊവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പണ ലഭ്യത ഉറപ്പാക്കാൻ സി,ആർ.ആർ മൂന്ന് ശതമാനമായി കുറച്ചിരുന്നു. ഇത് മാർച്ച് 27ന് 3.5 ശതമാനത്തിലേയ്ക്കും മേയ് 22ന് 4 ശതമാനത്തിലേയ്ക്കും പുനസ്ഥാപിയ്ക്കും.**



Compiled By: -CA Nitin Arora
B. Com, FCA
Practicing Chartered Accountant
(M)90412-90416,98157-98294
Email: canitinarora89@gmail.com

**INCOME TAX SLAB FY 2020-21 (AY 2021-22) for INDIVIDUAL**

In this Financial Year we have two Choices either to opt Old Tax Regime or New Tax Regime

**OLD TAX REGIME**

1) Age is Below 60 Years

| Total Income | Rate of Tax |
|---|---|
| Upto Rs.2,50,000 | Nil |
| 2,50,001 to 5,00,000 | 5% |
| 5,00,001 to 10,00,000 | 20% |
| Above 10,00,000 | 30% |

2) Age is 60 Years or more but less than 80 Years

| Total Income | Rate of Tax |
|---|---|
| Upto Rs.3,00,000 | Nil |
| 3,00,001 to 5,00,000 | 5% |
| 5,00,001 to 10,00,000 | 20% |
| Above 10,00,000 | 30% |

3) Age is 80 Years or more

| Total Income | Rate of Tax |
|---|---|
| Upto Rs.5,00,000 | Nil |
| 5,00,001 to 10,00,000 | 20% |
| Above 10,00,000 | 30% |

**NEW TAX REGIME**

For All Ages

| Total Income | Rate of Tax |
|---|---|
| Upto Rs.2,50,000 | Nil |
| 2,50,001 to 5,00,000 | 5% |
| 5,00,001 to 7,50,000 | 10% |
| 7,50,001 to 10,00,000 | 15% |
| 10,00,001 to 12,50,000 | 20% |
| 12,50,0001 to 15,00,000 | 25% |
| Above 15,00,000 | 30% |

| Claiming of Exemptions or Deductions Allowed or Not | Old Tax Regime | New Tax Regime |
|---|---|---|
| Standard Deduction of Rs.50,000 for Salaried and Pensioner | Allowed | Not Allowed |
| Deduction for Professional Tax paid | Allowed | Not Allowed |
| House Rent Allowance Exemption | Allowed | Not Allowed |
| Leave Travel Concession | Allowed | Not Allowed |
| Deduction of Interest on Self Occupied House Property up to 2 Lacs | Allowed | Not Allowed |
| Deduction for Family Pension Up to Rs. 15000 | Allowed | Not Allowed |
| Deduction Under Section 80C to 80U<br>Example:<br>Provident Fund, LIC Premium, PPF, Tuition Fees, GIS, Tax Saver Mutual Fund, Housing Loan Principal Repayment, Medical Insurance, Donation, Interest on Education Loan, Physically Handicapped Deduction etc.<br>80 TTA (Interest on Saving Accounts Upto Rs.10,000)<br>80 TTB (Interest on Savings ,FDR, others for senior citizens upto Rs.50,000 | Allowed | Not Allowed |

Note: Health and Education Cess of 4% of Income is leviable in both Old and New Tax Regime

Rebate under Section 87A of Rs. 12500 or 100% of Income Tax (Whichever is less) for Resident Individuals having Total Income up to Rs. 5 Lacs

[Means No Tax If Resident Individual has Total Income (After Deductions and Exemptions) up to Rs. 5 Lacs

## ഓഹരി വിപണിയിൽ മുന്നേറ്റം

## 52000 കടന്ന് സെൻസെക്സ്, 15000 തൊട്ട് നിഫ്റ്റി

ബജറ്റിന് ശേഷം ഒഹരി വിപണിയിൽ തുടർച്ചയായി മുന്നേറ്റം. ബോംബെ ഓഹരി സൂചികയായ സെൻസെക്സ് ആദ്യമായി 52.154.13 പോയിന്റ് വരെയും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സൂചികയായ നിഫ്റ്റി 15,314.70 പോയിന്റ് വരെയും ഉയർന്ന് പുതിയ റെക്കോർഡിട്ടു. എന്നാൽ ക്ലോസിങ്ങിൽ ഈ നേട്ടം നില നിർത്താൻ ഓഹരി വിപണിയ്ക്ക് കഴിഞ്ഞില്ല.

# അടുത്ത സാമ്പത്തിക വർഷം ഇന്ത്യ 13.7% വളർച്ച കൈവരിക്കും മൂഡീസ്




അടുത്ത സാമ്പത്തിക വർഷം ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ അനുമാനം ഉയർത്തി മൂഡീസ് ഇൻവെസ്റ്റ്മെന്റ് സർവീസസ്. 2021–22 വർഷത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്ത്ര ഉല്പാദനം (ജി.ഡി.പി) 13.7% വളർച്ച കൈവരിക്കുമെന്നാണ് മൂഡീസിന്റെ പുതിയ റിപ്പോർട്ട് പറയുന്നത്. ഇന്ത്യയിലെ സാമ്പത്തിക മാന്ദ്യം അവസാനിച്ചതായി ഇന്ത്യയിലെ മൂഡീസ് ഇൻവെസ്റ്റ്മെന്റ് സർവീസസ് അംഗീകൃത ഏജൻസിയായ 'ഇക്ര' സൂചിപ്പിച്ചു.

# നീരവ് മോദിയെ ഇന്ത്യയ്ക്ക് കൈമാറാൻ ബ്രിട്ടീഷ് കോടതി വിധി

**പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസിൽ ലണ്ടനിൽ ജയിലിൽ കഴിയുന്ന രത്ന വ്യാപാരി നീരവ് മോദിയെ ഇന്ത്യയ്ക്ക് കൈമാറാൻ ബ്രിട്ടീഷ് കോടതി വിധി.**



**പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പ് കേസിൽ ലണ്ടനിൽ ജയിലിൽ കഴിയുന്ന രത്ന വ്യാപാരി നീരവ് മോദി**

രത്ന വ്യാപാരി നീരവ് പ്രഥമ ദൃഷ്ട്യാ കുറ്റക്കാരനെന്നും ഇന്ത്യയ്ക്ക് കൈമാറുന്നതിൽ മനുഷ്യാവകാശ പ്രശ്നങ്ങളില്ലെന്നും ജില്ലാ ജഡ്ജി സാമുവൽ ഗൂസി വിധിച്ചു. സി.ബി.ഐ., എൻഫോഴ്സ്മെന്റ് അന്വേഷണങ്ങളാണ് നിലവിൽ നീരവ് മോദി നേരിടുന്നത്. പുറമേ കേസിലെ സാക്ഷികളെ ഭീഷണിപ്പെടുത്തിയെന്ന കുറ്റവും നേരിടുന്നു.

# 11-ാം ഉഭയകക്ഷി കരാർ അനുസരിച്ചുള്ള ശമ്പള പരിഷ്കരണം

**പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധിച്ച കമ്മ്യൂട്ടേഷൻ എടുക്കണോ വേണ്ടയോ ?**



**ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടക്കാമുണ്ടയ്ക്കൽ**

പലരുടെയും സംശയമാണ് .

ഓരോരുത്തരുടെയും സാഹചര്യം അനുസരിച്ചു അവരവർ തീരുമാനിക്കേണ്ട വിഷയമാണ്, എന്നാലും പൊതുവായ ചില ഗുണ ദോഷങ്ങൾ താഴെക്കൊടുക്കുന്നു :

1) പുറമെയുള്ള കടബാധ്യതകൾ തീർക്കാൻ ഉപയോഗപ്പെടുത്താം. പ്രത്യേകിച്ച് ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ തീർക്കാം.

**2)** കുടുംബപരമായ ആവശ്യങ്ങൾക്ക് പണം ആവശ്യം വരുന്നുണ്ടെങ്കിൽ ഉദാ : കല്യാണം ,വീടം വെയ്ക്കൽ തുടങ്ങിയവ. പുറത്തു നിന്ന് കടം എടുക്കുന്നതിനു പകരം ഈ തുക ഉപയോഗിക്കാം.

**3)** ഈ തുകയ്ക്ക് ആദായ നികുതിയുടെ ആനുകുല്യം ലഭ്യമാണ്. വരും കാലങ്ങളിലെ ഇൻകം ടാക്സിന് വിധേയമാകുന്ന വരുമാനത്തിൽ കുറവ് സംഭവിക്കുന്നു .

**4)** രൂപയുടെ മൂല്യം കണക്കിൽ എടുത്താൽ ഇന്ന് കിട്ടുന്ന തുകയ്ക്കാണ് കുറച്ചു വർഷം കഴിഞ്ഞ് കിട്ടുന്ന തുകയേക്കാൾ മൂല്യം ഉള്ളത്.

**5)** കൂടുതൽ വരുമാനം കിട്ടുന്ന നിക്ഷേപ പദ്ധതികളിൽ മുടക്കാം.

6) കാഴ്ചപ്പാട് - എത്രകാലം പെൻഷൻ വാങ്ങിക്കാൻ ജീവിക്കുമെന്ന് എന്ത് ഉറപ്പ് ? പരമാവധി കിട്ടുന്നത് ഇപ്പോൾ വാങ്ങിക്കുക ഭാവി ഉറപ്പില്ല.

## വർദ്ധിച്ച കമ്മ്യൂട്ടേഷൻ എടുക്കേണ്ട എന്ന് പറയാനുള്ള ന്യായികരണങ്ങൾ

**1)** ചിലവ് ആനുകൂല്യ അനുപാതം കൂടുതലാണ് . ഈ തുക ബാങ്കിൽ നിക്ഷേപിച്ചാൽ കിട്ടുന്ന വരു മാനത്തേക്കാൾ വലിയ മടങ്ങു തിരിച്ചടവ് .

**2)** ശമ്പള പരിഷ്കാരത്തി**ന്റെ** അടിസ്ഥാനത്തിൽ പല തവണകളായി കമ്മ്യൂട്ടേഷൻ തന്നിട്ടുണ്ടെങ്കിൽ അതി**ന്റെ** എല്ലാം തിരിച്ചടവ് ആദ്യത്തെ കമ്മ്യൂട്ടേഷൻ മുതൽ കണക്കാക്കുന്നതാണ് . ഇതും സെൻട്രൽ സിവിൽ പെൻഷൻ സ്കീമികളിൽ ഇല്ല.അങ്ങനെ കണക്കാക്കുന്നത് കൊണ്ട് ചിലപ്പോൾ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ തുകയിൽ കുറവ് സംഭവിക്കാം

2) സർവീസിൽ നിന്ന് വിരമിച്ചു 5 വർഷം (SBI ) ത്തിനകം അഥവാ 65 വയസാകുന്നതിനു മുൻപ് പെന്‌ഷനെർ മരണപ്പെട്ടാൽ ഫുൾ പെൻഷനിൽ നിന്ന് കമ്മ്യൂട്ടക്ഷൻ റിക്കവറി ഉണ്ടാകും , ഫാമിലിയെ ബുദ്ധിമുട്ടിലാക്കണമോ ?

വീണ്ടും സൂചിപ്പിയ്ക്കട്ടെ,

കമ്മ്യൂട്ടേഷൻ വേണമോ വേണ്ടയോ എന്നുള്ളത് ഓരോ വ്യക്തിയുടെയും അവനവന്റെ സാഹചര്യം അനുസരിച്ചുള്ള തീരുമാനം .

വർധിച്ച കമ്മ്യൂട്ടേഷൻ വേണ്ട എന്നുള്ള e - അസ്സോസിയേറ്റ് ബാങ്കിലെ റിട്ടയറിസ് മാർച്ച് 15 ന് മുൻപായി ഒപ്ഷൻ ഫോം സമർപ്പിക്കുക ,

**SBI റിട്ടയരിസിന്റെ ഒപ്ഷൻ ഫോം സംബന്ധിച്ചു നിർദ്ദേശങ്ങൾ വരുന്നതേയുള്ളു**

## പ്രവർത്തകരുടെ ശ്രദ്ധക്ക്

എസ്.ബി.ഐ. **ഹെൽത്ത് അസ്സിസ്റ്റ് ഇൻഷുറൻസ് സ്‌കീമിൽ ഇൻഷുറൻസ് പുതുക്കിയവരുടെയും പുതിയ തായി ചേർന്നവരുടെയും ശ്രദ്ധക്ക് 3 കാര്യങ്ങൾ :**

**1) ലിസ്റ്റിൽ പലരുടെയും പേരുകൾ കാണുന്നില്ല എന്ന് പരാതിപ്പെട്ടിരുന്നു അവരുടെ അക്കൗണ്ടിൽ നിന്ന് പ്രീമിയം തുക പിടിക്കുകയും ചെയ്തിട്ടുണ്ട് .**

**ആരും ആശങ്കപ്പെടേണ്ട !**

**കോട്ടയം AO യ്ക്ക് ജനുവരി ആദ്യാഴ്ച്ച മുതൽ കുറച്ചു ദിവസത്തേയ്ക്ക് കോവിഡ് കാരണം കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിച്ചില്ല , ആയതിനാൽ അപേക്ഷകൾ ഒരുമിച്ചു ജനുവരി 21 ന് ശേഷമേ ക്രോഡീകരിച്ചു അപ്പ് ലോഡ് ചെയ്യാൻ സാധിച്ചുള്ളൂ. കൂടാതെ കുറെ അധികം വിവരങ്ങൾ പരസ്പരം ചേരാതെ വന്നതും അപേക്ഷകളുടെ അപൂർണ്ണതയിലും പിന്നെയും കുറച്ചു സമയും കുടി എടുക്കേണ്ടി വന്നതിനാൽ കാർഡ് ഇഷ്യൂ ചെയ്യാൻ താമസം നേരിട്ടിരുന്നു . എല്ലാ കുറവുകളും പരിഹരിക്കാൻ ശ്രമം നടത്തുന്നുണ്ട് . മിക്കവാറും ഒരാഴ്ച അല്ലെങ്കിൽ പരമാവധി രണ്ട് ആഴ്ചയ്ക്കകം ഈ കാർഡ് എല്ലാവർക്കും സജ്ജമാകും . ഇപ്പോൾ വാട്സാപ്പ് വഴിയോ വിഡാലിന്റെ വെബ്‌സൈറ്റ് ഇൽ നിന്നോ ഇ - കാർഡ് കിട്ടിയെന്ന് വരുകയില്ല .**

**ഇനി ആർക്കെങ്കിലും അത്യാവിശ്യമായി ആശുപത്രിയിൽ അഡ്മിറ്റ് ആകാനുണ്ടെങ്കിൽ PF no/ HRMS ( esbt) no വാട്സാപ്പിൽ 9446046899 പോസ്റ്റ് ചെയ്യുക പ്രൊവിഷണൽ കാർഡ് generate ചെയ്യാൻ സാധിച്ചേക്കും .**

**2) എസ്.ബി.ഐ.ഹെൽത്ത് കെയറിലെ കാർഡിന് താമസം ഉണ്ടാകില്ല . അടിയന്തിരമായി കാർഡ് വേണ്ടവർ Smt Tinta യെ വിളിക്കുക Mob no 79946 54808**

**AO യിൽ കോവിഡ് കാരണം അവർ വർക്ക് ഫ്രം ഹോമിലാണ് .**

**3) ലഭിച്ച കാർഡുകളിൽ Top അപ്പ് "Nil "**

**കാണിച്ചിട്ടുണ്ട് . ഇത് പ്രൊവിഷണൽ കാർഡ് ആണെന്നും ഫൈനൽ കാർഡിൽ ടോപ് അപ്പ് ഉണ്ടാകുമെന്നും വിഡാൽ (VIDAL) അറിയിച്ചിട്ടുണ്ട്**

## സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്

**പത്താമതും പതിനൊന്നാമതും ഉഭയ കക്ഷി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചു പല മെമ്പർമാർക്കും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് കിട്ടാൻ അർഹത ഉള്ളവരാണ് .**

**എന്നാൽ ഈ വിഷയത്തിൽ ആശയ കുഴപ്പവും വ്യക്തത ഇല്ലാത്തതുമായ ഏരിയകൾ അനവധി ഉണ്ട്. സംശയങ്ങളുടെ ഒരു ചെപ്പ് തന്നെ തുറന്നിരിക്കുകയാണ് .**

**പ്രത്യകിച്ചു X1 മത് bipartite ഇൽ സ്റ്റാഗ്നേഷൻ മൂന്നിൽ നിന്നു രണ്ട് വർഷമായി റി അഡ്ജസ്റ്റ് ചെയ് യേണ്ടതുണ്ട് . അങ്ങനെയുള്ള കാര്യങ്ങൾക്ക് ബാങ്ക് IBA യുടെ ഉപദേശം തേടിയിരിക്കുന്നു . അതുപോലെ മോണിറ്ററി ബെനിഫിറ്റ് പ്രബല്യത്തിൽ വരുത്തുന്ന തിയതിയിലും ആശയ കുഴപ്പം ഉണ്ട് .അത് നടപ്പിലാക്കിയാൽ ഉണ്ടാകുന്ന നഷ്ട്ടം ഇവയെല്ലാം പരിശോധിച്ചു വരുന്നു . കൂടാതെ സർവീസിൽ ഉള്ളവരുടെ പോലും പി.എഫ് , ഗ്രാറ്റുവിറ്റി വന്നിരിക്കുന്ന അധിക തുക ,സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് , പി.എ ഫ് opt ചെയ്തവർ ഫുൾ ടൈം പാർട്ടൈം ജീവനക്കാർ ഇവർക്ക് ശമ്പള പരിഷ് കരണത്തിന്റെ അനുകൂല്യങ്ങൾ എന്നിവ കൊടുക്കാനുണ്ട്. ഇവയൊക്കെ പരിഹരിച്ചു വരുന്നതേയുള്ളു . അതിന്റെ തിരക്കിലാണ് HR മേലധികാരികൾ**

**ഈ സഹചര്യത്തിൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ വ്യക്തത വരുന്നതിനു മുൻപ് സ്റ്റാഗ്നേഷൻ ഇൻക്രെമെന്റ് അപേക്ഷ ഇപ്പോൾ കൊടുക്കുന്നത് അനുചിതമാണ് . സാവകാശത്തിൽ ചെയ്യുന്നതാണ് ഉത്തമം . അതുകൊണ്ടു ധൃതി വേണ്ട.**



**എന്ന്**
**ജയകുമാർ . A**
**ജനറൽ സെക്രട്ടറി**

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ

## ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** ഫെബ്രുവരി മാസത്തിലെ ഭരണ സമിതി യോഗം 2021 ഫെബ്രുവരി മാസം 12–ാം തിയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് **ശ്രീ എം.ജി. രാഘവന്റെ** അദ്ധ്യക്ഷതയിൽ നടന്നു. വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യു സ്വാഗതം ആശംസിച്ചു.അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി. ഡി. സി. എസ്., വായ്പ്പകൾ എന്നിവ തുടങ്ങുന്നത് കൂടാതെ സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റുകൾ, ഫ്രഞ്ചൈസികൾ (നീതി മെഡിക്കൽ സ്റ്റോർ മുതലായവ), എന്നിവകൾ കൂടി യോഗം ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

**കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തിൽ അവതരിപ്പിച്ചു.**

**അസിസ്റ്റന്റ് സെക്രട്ടറി ചുമതലയിലുള്ള ഭരണസമിതിയംഗം ശ്രീമതി.ത്രേസ്യാമ്മ ആന്റണി മാസാന്ത്യ കണക്കുകൾ അവതരിപ്പിച്ചു.**



ശ്രീമതി.ത്രേസ്യാമ്മ ആന്റണി

**ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.**

- **സംഘത്തിന്റെ വാർഷിക പൊതുയോഗത്തിന്റെ മുന്നോടിയായി ഓഡിറ്റ് ചെയ്ത കണക്കുകളും അംഗീകാരത്തിനായി സമർപ്പിച്ചത് യോഗം അംഗീകരിച്ചു.**
- **2021 മാർച്ച് മാസം 23–ാം തീയതി രാവിലെ 10 1/2 മണിക്ക് ഭരണസമിതിയും 11.30ന് പൊതുയോഗവും ചേരുന്നതിന് തീരുമാനിച്ചു.**
- **11 –ാ മത്തെ 50,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന തിന് തീരുമാനിച്ചു.**

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ഫെബ്രുവരി മാസത്തിലെ നറുക്കെടുപ്പ് 12–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരുവിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – വട്ടമെത്തി**
4. **100,000 രൂപായുടെ കുറി – വട്ടമെത്തി**
5. **100,000 രൂപായുടെ കുറി** –(115) ജോർജ്ജ് ജോൺ
6. **100,000 രൂപായുടെ കുറി** –(145) ശ്രീ. കെ.കെ.കുര്യൻ
7. 100,000 രൂപായുടെ കുറി –(162) **ശ്രീമതി**.സി. വിലാസിനി
8. 100,000 രൂപായുടെ കുറി ( **193) ശ്രീ കെ.എൻ. വിശ്വ നാഥൻ നായർ**

നറുക്ക് ലഭിച്ചവർക്ക് 2021 മാർച്ച് മാസം 12–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 12–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. **ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ** വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള 2 "എ"ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ രണ്ടിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി.**

**പുതിയ അംഗങ്ങൾ :–**

1. **ശ്രീമതി മോളമ്മ ശശിധരൻ, ചൈത്രവാടി, തലയോലപ്പറമ്പ്**
2. **ഏലിയാമ്മ മഠത്തിൽ, കുറിച്ചി**

### സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന അഞ്ചു പേർക്ക് 'സി' ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ജോർജ്ജ് എബ്രഹാം, മുടക്കാമ്പുറത്ത്, തലയോലപ്പറമ്പ്**
2. **ശ്രീമതി. എൽസി ജോസഫ് , ചിറക്കൽ**
3. **ശ്രീമതി. ബി. ശ്രീകുമാരി, ആതിര, മുട്ടമ്പലം**
4. **ഡോ.ഫെബി കുര്യാക്കോസ്, കാഞ്ഞിരത്തുമ്മൂട്ടിൽ**
5. **ശ്രീമതി. ശരണ്യ ശശിധരൻ, ചൈത്രവാടി, തലയോലപ്പറമ്പ്**

## നവാഗതർക്ക് ഹൃദ്യമായ സ്വാഗതം!

### ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ചു.

**25000 രൂപയുടെ കുറികൾ വട്ടമെത്തിയ സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി. സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി. എസ്. കുറി ആരംഭിച്ചു.**

# 10-ാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

**10-ാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. കൊവിഡ് മഹാമാരിയോടനുബന്ധിച്ച് വന്ന സർക്കാർ നിയന്ത്രണങ്ങൾ മൂലം പുതിയ അംഗങ്ങളെ ചേർത്ത് ഈ ജി.ഡി.സി.എസ് .ഇനിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ജി.ഡി.സി. എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് ഓഫീസ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇനിയും 12 പേർ കൂടി ചേർന്നാൽ മതി.**

## എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ

## കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റി യോഗം 2021 ഫെബ്രുവരി മാസം 12–ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11½ മണിക്ക് ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. 14 അംഗങ്ങൾ പങ്കെടുത്തു.



ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം വൈസ് പ്രസിഡന്റ്, ശ്രീ കെ.എൻ.വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.



**വൈസ് പ്രസിഡന്റ്, ശ്രീ കെ.എൻ.വിശ്വനാഥൻ നായർ**

അതിന് ശേഷം പ്രസിഡന്റ് തന്റെ ഉപക്രമ പ്രസംഗത്തിൽ അസോസ്സിയേഷന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. സൊസൈറ്റിയുടെ പുതിയതായി ആരംഭിക്കുന്ന 100,000 രൂപ സല വരുന്ന ജി.ഡി.സി.എസിൽ ചേരാൻ മുന്നോട്ട് വരാൻ അദ്ദേഹം അഭ്യർത്ഥിച്ചു

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ശ്രീ.പി. എം. ജേക്കബ്ബ്, ജില്ലാ സെക്രട്ടറി,

ജനുവരി മാസം 31–ാം തീയതി വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രീ.തോമസ് ഫിലിപ്പ്, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പ്

## ഏരിയക്കമ്മറ്റി അവലോകനം

പാലാ യൂണിറ്റിന് വേണ്ടി ശ്രീ.ജോസഫ് ജോൺ, വൈക്കം യൂണിറ്റിന് വേണ്ടി ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പും ശ്രീമതി. ശ്രീ.സി.പി.മാത്യു കമ്മറ്റി അംഗം ഏറ്റുമാനൂർ യൂണിറ്റിനു വേണ്ടിയും, ഈശോ ചെറിയാൻ, കെ.എൻ. വിശ്വനാഥൻ നായർ, എന്നിവർ കോട്ടയം–1, കോട്ടയം–2, യൂണിറ്റികൾക്കു വേണ്ടിയും, ശ്രീ.ജോൺ.വി.ചെറിയാൻ , ചങ്ങനാശ്ശേരി യൂണിറ്റിനു വേണ്ടിയും, ജോർജ്ജ്, പാപ്പച്ചൻ എന്നിവർ കാഞ്ഞിരപ്പള്ളി യൂണിറ്റിനു വേണ്ടിയും ഏരിയ കമ്മറ്റികളുടെ അവലോകനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

ഡി ജി എസ് മാത്യു അടയ്കാമുണ്ടയ്ക്കൽ മെഡിക്കൽ ഇൻഷുറൻസ് പുതുക്കൽ, ലൈഫ് സർട്ടിഫിക്കേറ്റ് എന്നിവയെപ്പറ്റി സംസാരിച്ചു . തുടർന്ന് കൊവിഡ്–19 കാലത്തെ അസ്സോസിയേഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് സംസാരിച്ചു.



**കോട്ടയം യൂണിറ്റ് എക്സിക്യൂട്ടിവ് കമ്മറ്റിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്ത് സംസാരിക്കുന്ന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടക്കാമുണ്ടയ്ക്കൽ**

ഓൺലൈൻ കോർഡിനേഷൻ സ്തുത്യർഹമായ വിധം നടത്തിയതിന് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടക്കാമുണ്ട യ്ക്കലിനേയും പ്രത്യേകം അഭിനന്ദിച്ചു. ഏരിയക്കമ്മറ്റി കൺവീനർ ശ്രീ.പി.പി. ഫിലിപ്പ് കൃതഞ്ജതയും പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

# Oh God! I fold hands



## Joseph Thekkanal

Oh God ! hear me I fold hands,
Guard this poor, indigent and broken down
from all odds,
Fill me with devotion and dedication,
Bless me with thy gracious appearance,
Guide and tread me in the righteous path,
Burn up the anguish and despair I frontal,
Protect me from the clutches of the wicked,
Give me noble ones as my comrades,
Endear me to love diginified acts,
Strengthen me divulge in auspicious tongue,
Make me vigilant to do my duty,
Bolden me to proclaim the truth,
Oh God ! hear me I fold hands.

**ഒരുകാലത്ത് പാഠശാലകളിലും വീടുകളിലും ഹൃദയപൂർവം ആലപിച്ചിരുന്ന പന്തളം കേരള വർമ്മയുടെ ഇന്നും ഒളിമങ്ങാത്ത പ്രാർത്ഥനാഗീതത്തിന്റെ സ്വതന്ത്ര പരിഭാഷ. ഗൃഹാതുരുത്വമുണർത്തുന്ന ഈ ഗീതത്തിന്റെ വിവർത്തനം മനോഹരമായി നിർവ്വഹിച്ചിരിക്കുന്നത് നമ്മുടെ ഇടുക്കി ജില്ലാ പ്രസിഡന്റ് ശ്രീ.റ്റി.ജെ.ജോസഫ് ആണ്.**

**മൂലകൃതി തുടർന്ന് കൊടുത്തിരിക്കുന്നതും കാണുക.**

## ദൈവമേ കൈതൊഴാം



ദൈവമേ കൈതൊഴാം
കേൾക്കുമാറാകണം
പാവമാമെന്നെ നീ കാക്കുമാറാകണം
എന്നുള്ളിൽ ഭക്തിയുണ്ടാകുമാറാകണം
നിന്നെ ഞാനെന്നുമേ കാണുമാറാകണം
നേർവഴിക്കെന്നെ നീ കൊണ്ടുപോയീടണം
നേർവരും സങ്കടം ഭസ്മമാക്കീടണം
ദുഷ്ടസംസർഗം വരാതെയായീടണം
ശിഷ്ടരായുള്ളവർ തോഴരായീടണം
നല്ലകാര്യങ്ങളിൽ പ്രേമമുണ്ടാകണം
നല്ലവാക്കോതുവാൻ ത്രാണിയുണ്ടാകണം
കൃത്യങ്ങൾ ചെയ്യുവാൻ ശ്രദ്ധയുണ്ടാകണം
സത്യം പറഞ്ഞീടാൻ ശക്തിയുണ്ടാകണം
ദൈവമേ കൈതൊഴാം
കേൾക്കുമാറാകണം

രചന: പന്തളം കേരളവർമ്മ



## കവിത

# മതാന്ധതയിൽ നിന്നും മാനവികതയിലേയ്ക്ക്



### ജോസ് അഴകത്ത്

മതം മനഷ്യനെ അന്ധനാക്കുന്നു
മനുഷ്യത്വം എവിടെയോ പോയി മറയുന്നു
അടുത്തുനിന്നോരയലവാസി പോലും
അന്യനായിത്തീരുന്നു.
ശത്രുവായ് മാറുന്നു.
മതത്തിൻ മൂല്യങ്ങളതി ശ്രേഷ്ഠമെങ്കിലും
ആചാരങ്ങളതിനെ വികലമാക്കുന്നു
ജാതി ഭേദം വെറുപ്പായി മാറുന്നു
വിദ്വേഷ വിത്തുകൾ മനസ്സിൽ മുളക്കുന്നു.
ഏവരും തേടുന്നൊരേക ദൈവത്തെ
എന്തിനോ ചിലർ മലിനമാക്കുന്നു.

ജന്മം കൊണ്ട് മാത്രം ഒരു മതത്തില്പ്പെട്ടവർ
അന്യരെ എന്തിന് വെറുക്കാൻ പഠിക്കുന്നു?
അധികാര ഭ്രാന്തേറിയ അല്പ മനസ്സുകൾ
മത വികാരത്തെ ഊതി ഉണർത്തുന്നു
തെരുവീഥികൾ ചോരക്കളമാകുമ്പോൾ
ഈശ്വരൻ പോലും തല താഴ്ത്തി നില്ക്കുന്നു
ഇത് ചിലർ തൻ തന്ത്രമോ കുതന്ത്രമോ
എങ്കിലും മറ്റ്ചിലരതിൽ വീണ് പിടയുന്നു
സ്നേഹനിധിയാം ദൈവത്തെ അണയാൻ
വിദ്വേഷ വഴികൾ തിരയുന്നതെന്തിന്?
മതാന്ധതയിൽ നിന്നും മാനവികതയിലേയ്ക്ക്
ഒരു പ്രയാണമാകട്ടെ നമ്മുടെ ആത്മീയത

### സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ

# തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം ഫബ്രുവരി 3-ാം തിയതി ബുധനാഴ്ച്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് പാളയത്തെ പ്രൊഫ.എൻ. കൃഷ്ണപിള്ള സ്മാരക ഹാളിൽ വച്ച് നടത്തി.



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗം



തിരുവനന്തപുരം ജില്ലാ ഘടകത്തിന്റെ ഭരണ സമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് ശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ സംസാരിക്കുന്നു.

**ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ.എ.ആർ. സോമനാഥൻ പിള്ള അദ്ധ്യക്ഷത വഹിച്ചു. സർവ്വശ്രീ.ബി.സി.ഉണ്ണികൃഷ്ണൻ നായർ, വൈസ് പ്രസിഡന്റ്, എ.ജയകമാർ, ജനറൽ സെക്രട്ടറി, ജോൺ ജോസഫ്, മുൻ ജനറൽ സെക്രട്ടറി, പി.എസ്.ഭാസ്, ഡെ. ജനറൽ സെക്രട്ടറി, രാജചന്ദ്രൻ നായർ അസി. ജനറൽ സെക്രട്ടറി, എന്നിവർ അംഗങ്ങളെ അഭിസംബോധന ചെയ്തു.**

# യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസിന്റെ പ്രതിഷേധം




**പൊതുമേഖലാ ബാങ്ക് സ്വകാര്യവത്ക്കരണ നീക്കത്തിനെതിരെ പ്രതിഷേധിച്ച് യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസിന്റെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന പ്രകടനം.**

## കണ്ണൂർ ജില്ലാ ഘടകത്തിന്റെ വാർഷിക പൊതു യോഗം



കണ്ണൂർ ജില്ലാ ഘടകത്തിന്റെ വാർഷിക പൊതു യോഗ**ത്തിൽ പങ്കെടുത്ത പ്രവർത്തകരുടെ ദൃശ്യം**

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ ജില്ലാ ഘടകത്തിന്റെ വാർഷിക പൊതു യോഗം ഫെബ്രുവരി 27–ാം തിയതി ശനിയാഴ്ച്ച ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടന്നു. 34 അംഗങ്ങൾ പങ്കെടുത്തു.

## കാസർഗോഡ് ജില്ലാ ഘടകത്തിന്റെ വാർഷിക പൊതു യോഗം

കാസർഗോഡ് ജില്ലാ ഘടകത്തിന്റെ വാർഷിക പൊതു യോഗം ഫബ്രുവരി 13–ാം തിയതി ബേക്കൽ ക്ലബിൽ വെച്ച് നടന്നു. ശ്ര കെ.എൽ. കുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എല്ലാ കണക്ക് കുട്ടലുകളും മറികടന്ന് മെമ്പർമാരുടെ സാനിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി കൊവിഡ് -19 ന്റെ പശ്ചാത്തലത്തിൽ എല്ലാം മറികടന്ന് കാസർഗോഡ് മുതൽ തുക്കരിപൂര് വരെ യുള്ള മെമ്പർ ന്മാർ പങ്കെടുത്തു എന്നത് തന്നെ സംഘബോധത്തിന്റെയും അതിലുപരി സംഘടനയോടുള്ള വിശ്വാസവും വിളിച്ച് പറയുന്നു. നമ്മൾ +60 കഴിഞ്ഞവര മാത്രമല്ലാ എല്ലാ **പ്രതിബന്ധങ്ങളേയും** തരണം ചെയ്യാൻ **ചങ്കൂറ്റ**മുള്ളവരാണ് എന്ന് കൂടി തെളിയിച്ചിരിക്കുന്നു. പുഴയോരത്ത് ബേക്കൽ ക്ലബിന്റെ പ്രകൃതി രമണീയമായ തുറന്ന സ്ഥലത്ത് കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന മീറ്റിംഗ് എന്നും ഓർമ്മിക്കാൻ കഴിയുന്ന തരത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു.

ശ്രി എം.കൃഷണൻ ട്രഷറർ സ്വാഗതം പറഞ്ഞ മിറ്റിഗ് .10.30. ന് ആരംഭിച്ചു. തുടർന്ന് **ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ അംഗങ്ങളുടെ ലിസ്റ്റ്** സെക്രട്ടറി ശ്രി എം.വിജയൻ വായിക്കുകയും രണ്ട് മിനിറ്റ് മൗനം ആചരിച്ചു അനുശോ**ചിക്കുകയും ചെയ്തു,** ജില്ലാ പ്രസിഡന്റ് ശി കെ.എൽ. കുമാർ അദ്ധ്യക്ഷ പ്രസംഗം നടത്തി.

കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/റിപ്പോർട്ട് ജീല്ലാ സെക്രട്ടറി ശ്രി എം. വിജയൻ ജില്ലാ സെക്രട്ടറി, യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. ജനുവരി മാസം 31–ാം തീയതി വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രി എം.കൃഷ്ണൻ,

ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

പുതിയ അംഗങ്ങളായ ശ്രി പി.പി. സനൽ ബാബു ശി വി.പി ബാബു ശ്രി എച്ച് എസ്സ് പൈ ശ്രി. ഗോവിന്ദ നായക്ക് ശ്രിമതി അംബിളി കെ.വി എന്നിവരെ യോഗത്തിൽ ശ്രി എം.ഗോപാലൻ പരിചയപ്പെടുത്തി. തുടർന്ന് സ്വയം പരിചയപ്പെടുത്തി.




പുതിയ അംഗം ശ്രി പി.പി. സനൽ ബാബു സ്വയം പരിചയപ്പെടുത്തി **സംസാരിക്കുന്നു**



കാസർഗോഡ് ജില്ലാ ഘടകത്തിന്റെ വാർഷിക പൊതു യോഗ**ത്തിൽ പങ്കെടുത്ത പ്രവർത്തകരുടെ ദൃശ്യം**

ശ്രി കെ.വി കൃഷ്ണൻ ജില്ലയിൽ നിന്ന് നിരന്തരമായി ആവിശ്യപ്പെടുന്ന മെഡിക്കൽ ക്ലിനിക്കിന്റെ വിശദീകരണം ആവശ്യപ്പെട്ടു ശ്ര പി.വി. വിജയൻ വൈസ്സ് പ്രസിഡന്റ് പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു ശ്രിമതി ഉമാവതി രണ്ട് മാസമായി ഫാമിലി പെൻഷൻ കിട്ടാത്ത തെന്നും. വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു എത്രയും പെട്ടെന് സംഘടന ഇടപെട്ട് അവ നൽകാൻ പ്രേത്യേകം ശ്രമിക്കണമെന്നു അഭ്യർത്ഥിച്ചു. ശ്രിമതി രമണി e-SBT ഓഫിസർ അയിരിക്കെ നോട്ട് നിരോധന സംമയത്ത് ഓവർ ടൈം വർക്ക് ചെയ്തതിനുള്ള തുക ഇതുവരെ കിട്ടിയിട്ടില്ലാ എന്നും അവ വാങ്ങി തരുവാൻ സംഘടന ഇടപെടണം

എന്നും ആവിശ്യപ്പെട്ടു. കുടാതെ ഡി മാറ്റ് **അക്കൗണ്ടിലെ** ബുദ്ധിമുട്ടും അവതരിപ്പിച്ചു

നിലവിലെ കോടതി വിധികൾ അവയിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾ എന്നിവ യോഗത്തിൽ അവതരിപ്പിച്ചു. വളരെ ഉഷ്മളവും അർത്ഥവത്തുമായ ചർച്ച നടന്നു . ശ്രീ. കൃഷ്ണൻ പത്താനത്ത് സംഘടന പ്രധാനം അവ നിലനിത്തി പോരാടേണ്ട സമയമാണ് എന്ന് പ്രത്യേകം എടുത്തു പറഞ്ഞു. ശ്രി എം. പ്രഭാകരൻ ശ്രി എം. കൃഷ്ണൻ ശ്രി . കൃഷ്ണൻ പത്താനത്ത്. ശ്രി ഹേമന്ത്കുമാർ എന്നിവർ മനോഹരമായ പഴയ സിനിമാ പാട്ടുകളാൽ **യോഗം** സമ്പന്നമാക്കി. പുതിയ അംഗങ്ങളിൽ നിന്ന് സ്റ്റാൻഡിങ്ങ് ഇൻട്രക്ഷൻ വാങ്ങി . കെ.വി.കൃഷ്ണൻ യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി. വിഭവ സമൃദ്ധമായ ഭക്ഷണത്തോടു കുടി യോഗം അവസാനിച്ച



. **യോഗനന്തരം എടുത്ത ഗ്രൂപ് ഫോട്ടോ**



## എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ കമ്മറ്റി യോഗം

**ഇടുക്കി ജില്ലാ കമ്മറ്റി** യോഗം ഫെബ്രുവരി 13-ാം തിയതി **25-ാം തിയതി** വ്യാഴം രാവിലെ **10.30 മണിക്ക് ജിയൊ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. 10** അംഗങ്ങൾ പങ്കെടുത്തു. ഇടുക്കി ജില്ലാ കമ്മറ്റി പ്രസിഡന്റ് റ്റി.ജെ.ജോസഫ് അദ്ധ്യക്ഷത **വഹിച്ചു. ഈശ്വര പ്രാത്ഥനയ്ക്കു ശേഷം എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട്**ശ്രീ.പി. എം. ജോർജ്ജ്, **സംസാരിച്ചു.** കഴിഞ്ഞ യോഗത്തിന്റെ മിനിട്ട്സ്/ റിപ്പോർട്ട് ശ്രീ.പി. എം. ജോർജ്ജ്, ജില്ലാ സെക്രട്ടറി, യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. .



**എസ് ബി ഐ പെൻഷനേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന ഇടുക്കി ജില്ലാ പ്രസിഡന്റ് റ്റി.ജെ.ജോസഫ്.**

2021 ജനുവരി മാസം 31 വരെയുള്ള മാസ്സാന്ത്യ കണക്കുകൾ ശ്രീ. എം.ഐ.ഗോപലൻ, ജില്ലാ ട്രഷറാർ യോഗസമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു. **ശ്രീ.റ്റി.എസ്. രാജേന്ദ്രൻ പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്തു.**
തുടർന്ന് **പി.പി.തോമസ് വൈസ് പ്രസിഡന്റ്** കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 12 മണിയോടെ അവസാനിച്ചു.

## അഭിനന്ദനങ്ങൾ!!

## സംസ്ഥാനതല കാർഷിക അവാർഡ് രണ്ടാം സ്ഥാനം

**സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ തൃശൂർ ജില്ലാ പ്രസിഡന്റ് ശ്രീ. എം.ആർ. ജനാർദ്ദനൻ പ്രസിഡന്റായി സാരഥ്യം വഹിക്കുന്ന ഏവന്നൂർ റസിഡൻസ് അസോസിയേഷന് സംസ്ഥാനതല കാർഷിക അവാർഡ് രണ്ടാം സ്ഥാനം ലഭിച്ച വിവരം സന്തോഷത്തോടെ റിപ്പോർട്ട് ചെയ്യുന്നു. .**



**ഏവന്നൂർ റസിഡൻസ് അസോസിയേഷൻ. പ്രസിഡന്റ് ശ്രീ. എം.ആർ. ജനാർദ്ദനൻ സംസ്ഥാന കൃഷി വകപ്പ് മന്ത്രി ശ്രീ.വി.എസ്.സുനിൽ കുമാറിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു.**

സംസ്ഥാനതലത്തിൽ പ്രഗത്ഭരായ കർഷകരോട് മത്സരിച്ച് നേടിയ ഈ അവാർഡിന് ഏറെ തിളക്കമുണ്ടെന്ന് കൃഷി കാര്യമായെടുക്കുന്ന ആർക്കും മനസ്സിലാകും. ഈ പ്രശസ്തിയുടെ നിറവിലും സമൂഹത്തിന് ഒരു വലിയ സന്ദേശം നല്കി മാതൃകയായതിലും ശ്രീ. എം.ആർ. ജനാർദ്ദനനെ അനുമോദിക്കുന്നു.




കോട്ടയം എസ്.ബി.ഒ.എ. റീജിയണൽ സെക്രട്ടറി ശ്രീ.അലക്സ് മണ്ണൂരാമ്പറമ്പിലിന്റെ മകൾ മിസ്സ്.പ്രേമാ അലക്സിന് അഭിനന്ദനങ്ങൾ!

# സംസ്ഥാനത്തൊട്ടാകെ 2021 ഫെബ്രുവരിയിൽ വിരമിക്കുന്നവർ

2021 ഫെബ്രുവരിയിൽ വിരമിക്കുന്നവർ

ഇന്ന് ബാങ്കിനോട് വിടപറയുന്ന നമ്മുടെ സുഹൃത്തുക്കൾക്കു എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .

ശ്രീ അബ്രഹാം ജോൺ
ശ്രീ രാധകൃഷ്ണ വാരിയർ ആർ
ശ്രീ അബ്ദുൽ റഹിമാൻ സി എം
ശ്രീമതി ജയലക്ഷ്മി ഗോപിനാഥ്
ശ്രീമതി മിനി ജോൺ
ശ്രീ രാമചന്ദ്രൻ കെ
ശ്രീ സത്യൻ ചെല്ലപ്പൻ
ശ്രീമതി ഷേർളി വർക്കി
ശ്രീമതി ഷൈല പി കെ
ശ്രീ സുകുമാരൻ കെ കെ
ശ്രീ വസന്തകുമാർ ആർ
ശ്രീ വീരഭദ്രപിള്ള മുരളി
ശ്രീമതി അക്കാമ്മ ജോൺ
ശ്രീ വിജയൻ കെ
ശ്രീ സുന്ദരൻ എം
ശ്രീ ശ്രീനിവാസ് വി
ശ്രീ അലക്സ് അബ്രഹാം
ശ്രീ ജോസ് ജോസഫ്
ശ്രീ സുധാകരൻ ഈ ആർ
ശ്രീ സുരേഷ്കുമാർ റ്റി വി
ശ്രീ ചന്ദ്രൻ എം
ശ്രീ ഓ വേലായുധൻ
ശ്രീ രാഘുനാഥൻ വി
ശ്രീ സുരേന്ദ്രൻ എം
ശ്രീമതി ബാലനാഗേശ്വരി കെ
ശ്രീ ജെയ്സൺ കെ എസ്
ശ്രീ രമേശ് വി സുരേന്ദ്രൻ
ശ്രീ സ്കറിയ സി എ
ശ്രീ വിപിനൻ പി എ
ശ്രീമതി ലക്ഷ്മി എം കെ
ശ്രീമതി ശോഭന എം

നമുക്ക് ഒരുമിച്ചു തുഴയാം ഇനിയുള്ള ജീവിതം , നിങ്ങളുടെ ഒപ്പം സംഘടന ഉണ്ടാകും നിങ്ങൾക്ക് ഒരു തുണയായി , സഹായി ആയി. **ആശംസകൾ!**

യാത്രയയപ്പ് വേളകളിൽ പതിവായി പങ്കെടുക്കുകയും എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനിലേക്ക് വിരമിച്ച ഏവരെയും നേരിൽ സ്വാഗതം ചെയ്യുകയും ചെയ്യുക എന്നത് ഞങ്ങൾ വളരെക്കാലമായി അനുവർത്തിച്ചു വരുന്ന ശീലമായിരുന്നു. പക്ഷേ കോവിഡിന്റെ കർശനമായ നിയന്ത്രണങ്ങളിൽപ്പെട്ട് കഴിഞ്ഞ മാർച്ച് മാസം തൊട്ടു ഇതുവരേക്കും അത്തരം മര്യാദകളിൽ നിന്നും ഞങ്ങൾക്ക് മാറി നിൽക്കേണ്ടി വന്നു. ഓരോ മാസാവസാനവും പ്രതീക്ഷ കൈവിടാതെ അവസരം പാർത്തു നിന്നെങ്കിലും അത് നടപ്പിലാവാതെ സന്ദേശങ്ങളിലൂടെ യാത്രാമംഗളങ്ങൾ നേരുക യായിരുന്നു ഞങ്ങൾ. ഏതാണ്ട് ഒരുവർഷത്തിനിപ്പുറവും ഞങ്ങൾക്ക് അതു തന്നെ തുടരേണ്ടി വരുന്നു എന്നത് വേദപൂർവം അറിയിക്കട്ടെ. നിങ്ങളേവരെയും , ഈ മഹത്തായ സംഘടനയിലേക്ക് സർവാത്മനാ സ്വാഗതം ചെയ്യുന്നു. ഇനിയുള്ള നിങ്ങളുടെ രണ്ടാം ഇന്നിംഗ്സിൽ നിങ്ങൾക്ക് ഒരു തണലായി നമ്മുടെ പെൻഷനേഴ്സ് അസ്സോസിയേഷൻ നിങ്ങളുട കൂടെയുണ്ട്..

അതോടൊപ്പം സ്തുത്യർഹമായ സേവനം പൂർത്തിയാക്കി പടിയിറങ്ങുന്ന എല്ലാവർക്കും ആരോഗ്യ പൂർണമായ, സന്തോഷം നിറഞ്ഞ, ക്രിയാത്മകമായ റിട്ടയർമെൻറ് ജീവിതം ആശംസിക്കുന്നു.

സ്നേഹപൂർവ്വം ,





കെ.രാജീവൻ പ്രസിഡന്റ് ജയകുമാർ , ജനറൽ സെക്രട്ടറി
എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ , കേരള

# ചരിത്രത്തിലേക്ക് ഇതാ മറ്റൊരു സുവർണ്ണത്താൾ കൂടി



**കെ.രാജീവൻ പ്രസിഡന്റ്**

ഫെബ്രുവരി ഇരുപത്തിനാല് ,

ഒരോർമ്മ ദിനമായി എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരളയുടെ ചരിത്രരേഖകളിൽ ഇടംപിടിച്ച സദ്വാർത്തയുമായാണ് 'ഒയാസിസി' ന്റെ ഈ ലക്കം നിങ്ങളുടെ കൈകളിൽ എത്തിച്ചേരുന്നത്. രണ്ടായിരത്തി ഒന്ന് മാർച്ചിൽ രൂപം കൊണ്ട നമ്മുടെ അസ്സോസിയേഷൻ, പ്രവർത്തന നിരതമായ രണ്ടു ദശാബ്ദങ്ങൾ പിന്നിടുമ്പോൾ കൈവരിച്ച നേട്ടങ്ങൾ ആരിലും അഭിമാനാഹ്ളാദങ്ങൾ വിടർത്തും എന്നത് സംശയാതീതമാണ്.



**ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ രവി കിരൺ നാടമുറിച്ച്,നിലവിളക്കിന് തിരികൊളുത്തി നമ്മുടെ അസ്സോസിയേഷൻ ഓഫീസിന്റെ ഉദ്ഘാടനകർമ്മം നിർവഹിക്കുന്നു.**

രണ്ടായിരത്തി പതിനഞ്ച് സെപ്തംബർ ഇരുപത്തി മൂന്നിന് തിരുവനന്തപുരംമെയിൻ ബ്രാഞ്ചിന് തൊട്ടടുത്തായി, അന്നത്തെ ബഹുമാനപ്പെട്ട ചീഫ് ജനറൽ മാനേജർ ശ്രീ ബാദൽചന്ദ്രദാസ് സദയം അനുവദിക്കുകയും അദ്ദേഹം തന്നെ ഔപചാരികമായി ഉദ്ഘാടനം നടത്തുകയും ചെയ്ത നമ്മുടെ അസോസിയേഷന്റെ സംസ്ഥാന ഓഫീസ്, ഏതാണ്ട് ഒന്നര ദശാബ്ദങ്ങളായി നാം ഉന്നയിച്ച് കൊണ്ടിരുന്ന ഒരു ആവശ്യത്തിന്റെ മഹത്തായ സാക്ഷാത്കാരമായിരുന്നു. കാലം കുറെ കൂടി മുന്നോട്ട് പോകവേ സംഘടനയുടെ അംഗത്വബലം ഒരു പാട് വളരുകയും അതിന്റെ പ്രവർത്തന മേഖലയിൽ പ്രകടമായ വളർച്ച പ്രതിഫലിക്കുകയും ചെയ്തു. പെൻഷൻ സംബന്ധമായ ഒട്ടേറെ കാര്യങ്ങളിൽ, പെൻഷൻ ഫിക്സേഷനിൽ, പ്രത്യേകിച്ച്, ഫാമിലി പെൻഷനിൽ വളരെക്കാലമായി തുടർന്നിരുന്ന തെറ്റുകൾ, കൃത്യമായ ഇടപെടലുകളിലൂടെ പരിഹരിച്ചു കൊണ്ട് അംഗങ്ങളുടെ മാത്രമല്ല, മാനേജ്മെന്റിന്റെയും വിശ്വാസ്യത നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. ഇതിന്റെ പ്രത്യക്ഷ പ്രകടനമായിരുന്നു ഫെബ്രുവരി ഇരുപത്തിനാലിന് കൊല്ലം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പരിസരത്ത്, ബഹുമാനപ്പെട്ട ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ രവി കിരൺ നാടമുറിച്ച്, നിലവിളക്കിന് തിരികൊളുത്തിയ നമ്മുടെ അസ്സോസിയേഷൻ ഓഫീസിന്റെ ഉദ്ഘാടനകർമ്മം .

കോവിഡ് നിബന്ധനകൾ കൃത്യമായി പാലിച്ചു കൊണ്ട്, കൊല്ലം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ റീജിയണൽ മാനേജർമാർ, മറ്റ് ഓഫീസർമാരും ജീവനക്കാരും കൊല്ലം പത്തനംതിട്ട ജില്ലകളിലെ വിശിഷ്ടരായ നമ്മുടെ അംഗങ്ങൾ, ബഹുമാന്യരായ സംസ്ഥാന ജനറൽസെക്രട്ടറി ജയകുമാർ, മുൻ ജനറൽ സെക്രട്ടറി ജോൺ ജോസഫ്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരായ സുരേന്ദ്രനാഥ് ഭാസ്, ഗണപതി കൃഷ്ണൻ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി രാമകൃഷ്ണപിള്ള, ജില്ലാ പ്രസിഡന്റ് ഗോപകുമാർ, സെക്രട്ടറി ടി സി പുരുഷോത്തമൻ പിള്ള, ജില്ലയിലെ മുഴുവൻ ഭാരവാഹികൾ എന്നിവരുടെ വിശിഷ്ട സാന്നിധ്യത്തിലായിരുന്നു ഈ ഉദ്ഘാടനം കർമം നിർവഹിക്കപ്പെട്ടത്.



**കൊല്ലം ജില്ലാ കേന്ദ്രം പ്രവർത്തകർ പുതിയ ഓഫീസിന് മുന്നിൽ ജനറൽ സെക്രട്ടറി ശ്രീ. എ.ജയകുമാറിനൊപ്പം അണിനിരന്നപ്പോൾ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തലത്തിൽ പെൻഷനേഴ്സ് അസോസിയേഷന് അഖിലേന്ത്യ തലത്തിൽ ലഭ്യമായ ആദ്യ ഓഫീസ് എന്ന നിലയിൽ കൊല്ലത്തെ ഓഫീസിന് ചരിത്ര പ്രാധാന്യമുണ്ട്.**

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തലത്തിൽ അസ്സോസിയേഷന് ഓഫീസ് ഏർപ്പെടുത്താനുള്ള നമ്മുടെ ശ്രമം മുൻപേ തുടങ്ങിയെങ്കിലും, രണ്ടായിരത്തി പത്തൊൻപത് ഡിസംബർ ഇരുപത്തൊൻപതിന് തിരുവനന്തപുരം ഹെഡ്ഡാഫീസ്സിൽ നടന്ന സർക്കിൾ സ്ട്രക്ചേർഡ് മീറ്റിങ്ങിൽ ഈ ആവശ്യം ഉന്നയിച്ചപ്പോൾ, യാതൊരു എതിരഭിപ്രായവും പ്രകടിപ്പിക്കാതെ തുറന്ന മനസ്സോടെ അനുമതി നൽകിയ നമ്മുടെ ബഹുമാനപ്പെട്ട ചീഫ് ജനറൽ മാനേജർ ശ്രീ എം

എൽ ദാസി ന്റെ നാമം അതീവ കൃതജ്ഞത യോടെ, തികഞ്ഞ ആദരവോടെ ഇവിടെ രേഖപ്പെടുത്തുന്നു.

കോവിഡ് മഹാമാരി തടസ്സം നിന്നതിന്റെ കാരണം മറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലെ വൈകി ഇപ്പോൾ ഒരുക്കങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചു കൊണ്ടിരിക്കയാണ്. അധികം വൈകാതെ, ശേഷിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്കൾക്കനു ബന്ധമായും നമ്മുടെ അസോസിയേഷൻ ഓഫീസ്സു കൾ പ്രവർത്തനക്ഷമമാവും. എസ്ബിഐ പെൻഷ നേഴ്സ് അസോസിയേഷൻ കേരളയുടെ പ്രവർ ത്തനങ്ങളിൽ മാനേജ്മെന്റ് അർപ്പിക്കുന്ന വിശ്വാ സത്തിന്റെ പ്രതീകങ്ങളാണ് ഇക്കാലം കൊണ്ട് നാം കൈ വരിച്ച സകലനേട്ടങ്ങളും. ഇനിയും ഏറെനേടിയെടുക്കേണ്ടതായിട്ടുണ്ട്. അതിനായി സ്വാർത്ഥലേശമെന്യെയുള്ള കൂട്ടായ പ്രവർത്ത നങ്ങളിലൂടെ നമുക്ക് മുന്നേറാം.

സ്നേഹത്തോടെ
രാജീവൻ.




## ഫെബ്രുവരി 28 അപൂർവ്വ രോഗ ദിനം

എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ അവസാന ദിവസമാണ് അപൂർവ്വ രോഗ ദിനമായി ആചരിക്കുന്നത്. അപൂർവ്വ രോഗങ്ങളെക്കുറിച്ചും അത് രോഗികളുടെ ജീവിതത്തിലുളവാക്കുന്ന പരിണതികളെക്കുറിച്ചും അവബോധമുളവാക്കാനാണ് ഈ ദിവസം ആചരിക്കുന്നത്.

RARE DISEASE DAY®

### എന്താണ് അപൂർവ രോഗങ്ങൾ?

- ഇവ അനാഥ രോഗങ്ങൾ (orphan diseases) എന്നും അറിയപ്പെടുന്നു.
- ലോകത്ത് 7000–8000 അപൂർവ്വ രോഗങ്ങളു ്.
- ഇന്ത്യയിൽ തിരിച്ചറിഞ്ഞത് 450 –ഓളം
- ഇന്ത്യയിൽ 200–250 വരെ പേർക്ക് എൽ.എസ്.ഡി. (ലൈസൊസോമൽ സ്റ്റോറേജ് ഡിസീസ്) പിടിപെടുന്നു.
- കേരളത്തിലിത് 20–25 എന്ന തോതിലാണ്.

# യാത്രയയപ്പ്



തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിച്ചശ്രീമതി.ആർ.പദ്മിനിക്ക് യാത്രാ മംഗളങ്ങൾ!!



ആലുവ റാസ്മെക്കിൽ നിന്നും മാനേജരായി വിരമിച്ച ശ്രീ. ബി ഗോപാലകൃഷ്ണന് യാത്രാ മംഗളങ്ങൾ!!

## ശ്രീ. സി.പി. സത്യൻ



മുത്തോലപുരം ശാഖയിൽ നിന്നം 42 വർഷത്തെ **കളങ്കരഹിതവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം** ചീഫ് അസ്സോസിയേറ്റായി വിരമിക്കുന്ന ശ്രീ. സി.പി. സത്യൻ ചെല്ലപ്പന് **യാത്രാമംഗളങ്ങൾ!!**




കൂത്താട്ടുകളം സായി ഓഡിറ്റോറിയത്തിൽ വച്ച് സി.പി.സത്യന് നല്കിയ യാത്രയയപ്പിൽ പങ്കെടുത്ത് സംസാരിക്കുന്ന എറണാകുളം ഡി.ജി.എസ്. ശ്രീ ജോസഫ് പാലയ്ക്കൽ



ശ്രീ.സി.പി.സത്യൻ കടുംബാംഗങ്ങൾ വിശിഷ്ടാതിഥികൾ, മുത്തോലപുരം ശാഖയിലെ സ്റ്റാഫംഗങ്ങൾ എന്നിവരോടൊപ്പം



ചീഫ് മാനേജർ ശ്രീ. റ്റി.വി,സുരേഷ് കുമാറിന്റെ റിട്ടയർമെന്റ് ചടങ്ങിൽ നിന്ന്




ചേലാട് ശാഖയിൽ നിന്നും വിരമിച്ച ശ്രീമതി. ഷേർളി വർക്കിയുടെ യാത്രയയപ്പിൽ നിന്ന്.

# ശ്രീ. വി.മുരളി



**37** വർഷത്തെ സ്തുത്യർഹവുമായ സേവനത്തിന് ശേഷം എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫിസിൽ നിന്നും അസിസ്റ്റന്റ് ജനറൽ മാനേജരായി വിരമിക്കുന്ന ശ്രീ. വി. മുരളിക്ക് യാത്രാമംഗളങ്ങൾ!!




എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫിസിൽ നിന്നും വിരമിച്ച ശ്രീ. വി. മുരളിയുടെ യാത്രയയപ്പ് യോഗത്തിൽ നിന്ന്.

സമാധാനവും സന്തോഷവും സമ്പൽസമൃദ്ധിയും, ദീർഘായുസ്സും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ഹൃദ്യമായി ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ശ്രീ.രാധാകൃഷ്ണ വാര്യർ



39 വർഷവും 4 മാസവും സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം എറണാകുളം കൊമേർഷ്യൽ ബ്രാഞ്ചിൽ നിന്നും അസിസ്റ്റന്റ് ജനറൽ മാനേജരായി വിരമിക്കുന്ന ശ്രീ.രാധാ

കൃഷ്ണവാര്യർക്ക് യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീ. ശ്രീ. രാധാകൃഷ്ണ വാര്യരെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാ കുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കു വാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീ.വി.ശ്രീനിവാസ്

കൊല്ലം ശക്തികളങ്ങര എസ്.ബി.ഐ ശാഖയിൽ നിന്നും 37 വർഷവും 3 മാസവും പിന്നിട്ട സ്തുത്യർ ഹമായ സേവനത്തിന് ശേഷം. ചീഫ് അസ്സോസി യേറ്റ് ആയി വിരമിക്കുന്ന ശ്രീ. ശ്രീ.വി.സ്രീനിവാസിന് യാത്രാമംഗളങ്ങൾ!!

സന്തോഷവും സമ്പൽ സമൃദ്ധിയും ദീർഘായുസ്സും നിറഞ്ഞ ഹൃദ്യമായ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കൊല്ലം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.



ശ്രീ.വി.സ്രീനിവാസ്

## ശ്രീ.കെ.രാമചന്ദ്രൻ



38 വർഷവും 2 മാസവും 11 ദിവസവും പിന്നിട്ട സുദീർഘമായ സേവനത്തിന് ശേഷം ചീഫ് മാനേജരായി എറണാകുളം എസ്.എം.ഇ. ബ്രാഞ്ചിൽ നിന്നും വിരമിക്കുന്ന ശ്രീ.കെ.രാമചന്ദ്രന് മംഗളാശംസകൾ. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടന യിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീമതി . ബാലനാഗേശ്വരി

37 വർഷവും 3 മാസവും പിന്നിട്ട കളങ്ക രഹിതവും ഗുണസമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം എസ്.ബി.ഐ. കുഹാസ് ത്രിശ്ശൂർ ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി . ബാലനാഗേശ്വരിക്ക് മംഗളാശംസകൾ.



സന്തോഷവും സമ്പൽ സമൃദ്ധിയും ദീർഘായുസ്സും നിറഞ്ഞ ഹൃദ്യമായ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ത്രിശ്ശൂർ ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ശ്രീമതി .ജയലക്ഷ്മി ഗോപിനാഥ്

24 വർഷവും 5 മാസവും പിന്നിട്ട കളങ്ക രഹിതവും ഗുണസമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം എസ്.ബി.ഐ. ആലുവ കാതൊലികേറ്റ് സെന്റർ ശാഖയിൽ നിന്നും സ്പെഷ്യൽ അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി.ജയലക്ഷ്മി ഗോപിനാഥിന് യാത്രാ മംഗള ങ്ങൾ!!



ശ്രീമതി .ജയലക്ഷ്മി ഗോപിനാഥ്

സന്തോഷവും സമ്പൽ സമൃദ്ധിയും ദീർഘായുസ്സും നിറഞ്ഞ ഹൃദ്യമായ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

## ഷൈല.പി.കെ.



**36 വർഷം പിന്നിട്ട സ്തുത്യർഹമായ സേവനത്തിന് ശേഷം എസ്.ബി.ഐ.** ആർ,എ.സി.പി.സി.2 പനമ്പള്ളി നഗർ **ശാഖയിൽ നിന്നും ഡെപ്യൂട്ടി മാനേജരായി ആയി വിരമിക്കുന്ന ശ്രീമതി. പി.കെ ഷൈലക്ക് യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.**

## മിനി ജോൺ.കെ.



**36 വർഷവും 4 മാസവും പിന്നിട്ട കളങ്ക രഹിതവും ഗുണസമ്പുഷ്ടവും സ്തുത്യർഹവുമായ സേവനത്തിന് ശേഷം എസ്.ബി.ഐ. ത്രിശ്ശൂർ വളയംചിറങ്ങരശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് ആയി വിരമിക്കുന്ന ശ്രീമതി . മിനി ജോൺ.കെ.ക്ക് മംഗളാശംസകൾ.**

# വായനക്കാർ എഴുതുന്നു




സർ,

**അന്തരാഷ്ട്ര പ്രസിദ്ധീകരണ രംഗത്തെ എന്റെ കന്നി ചുവടു വെയ്പ്പിന് നമ്മുടെ പെൻഷൻകാരുടെ സൗഹൃദ കൂട്ടായ്മയിൽ വിപുലമായ പ്രചാരണമൊരുക്കി 'ഒയാസിസ്' നീട്ടിയ സുവർണ്ണ ഹസ്തദാനത്തിന് നന്ദി.** നമ്മുടെ പെൻഷനേഴ്സ് അസ്സോസിയേഷന്റെ വളരെ ആകർഷകവും ചിന്തോദ്ദീപകവും വിജ്ഞാനപ്രദവുമായ ഈ മുഖമൊഴിയുടെ ശില്പികൾക്ക്, വിശിഷ്യ ശ്രീ.എം.ജി.രാഘവന്,

അഭിനന്ദനങ്ങൾ. ഒയാസിസ് വരും ദിനങ്ങളിൽ കൂടുതൽ ഉയരങ്ങൾ കീഴടക്കട്ടെയെന്ന് ആശംസിക്കുന്നു. എന്റെ ആദ്യ പുസ്തകം അമേരിക്കൻ മാർക്കറ്റിൽ മൾട്ടിപ്പിൾ വിഭാഗത്തിൽ വീ ും ഒന്നാം സ്ഥാനത്ത് എത്തിയിരിക്കയാണ്. **'Incredible Word Power and Other Unique Human'** എന്ന സമഗ്ര വ്യക്തിത്വ വികസനത്തെക്കുറിച്ചുള്ള എന്റെ തുടർപുസ്തകങ്ങളിൽ രണ്ടാമത്തേത് ആമസോൺ 13 രാജ്യങ്ങളിൽ പ്രസിദ്ധീകരിച്ച കാര്യം അറിയിക്കുന്നു. അച്ചടിച്ച പുസ്തകം 8 രാജ്യങ്ങളിലും. 'വാക്കാണു സത്യം..' എന്ന സൂക്തത്തിന്റെ ആത്മീയവും ഭൗതികവുമായ അർത്ഥതലങ്ങൾ, സ്വന്തം വാക്ക് പാലിക്കാൻ ജീവൻതന്നെ ബലി കൊടുത്ത മഹാബലി, ദശരഥൻ, അമ്മയുടെ വാക്കു തെറ്റിക്കാതിരിക്കാൻ ദ്രൗപദിക്കു ബഹുഭർതൃത്വം വിധിച്ച പാണ്ഡവർ, വാക്ക് ആസ്തികളേക്കാൾ മൂല്യവത്തായി കണ്ട് എല്ലാം ത്യജിച്ച യുധിഷ്ഠിരൻ, പിന്നെ കർണ്ണൻ.... ആർഷ ഭാരതത്തിന്റെ ഇന്നത്തെ മൂല്യച്യുതിക്ക് മുഖ്യകാരണം Incredible Word Power നാം മറന്നതാണെന്ന് വിശദീകരിക്കുന്ന **169** പേജുള്ള ഈ പുസ്തകത്തിന്റെ **Link** താഴെ കൊടുക്കുന്നു. വില **e-Book** ന് തുടക്കത്തിൽ **72** രൂ. അച്ചടിച്ച പുസ്തകം **7.2** ഡോളർ. വായനയിൽ താൽപര്യമുള്ളവർ വാങ്ങി പ്രോത്സാഹിപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു. എനിക്ക് നല്കിയ പിന്തുണയ്ക്ക് ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ നന്ദി.

ആദര പൂർവ്വം,

**ഡോ.കെ.ആർ.എസ്.നായർ**

**https://www.amazon.com/dp/B08TWLG1YG/ref=rdr_kindle_ext_tmb**

## It is just marvellous

**Thank you. I once again repeat...... It is just marvellous.**

**Only problem what I see is.... you don't have any other competitor. So no thrill in rating. But I can assure, if another 13 districts are in the fray, they will be far behind OASIS. Kudos to you and your team.**

**Happy new year to you and family.**

**Happy and wonderful, and eventful 2021 to OASIS.**



**ഗണപതി കൃഷ്ണൻ, ഡിജി.എസ്., കൊല്ലം**

പ്രിയ എംജിആർ

'ഒയാസിസ്' ഒറ്റ വാക്കിൽ ഒതുക്കിയാൽ
"ഉജ്ജ്വലം"
സ്നേഹപൂർവ്വം
രാജീവൻ

'ഒയാസിസ്' വളരെ വളരെ നന്നായിട്ടുണ്ട്. പെൻഷനേർസ്**ന്റെ** ഏതാണ്ട് എല്ലാ കാര്യങ്ങളും കവർ ചെയ്യുന്നുണ്ട്. ശ്രീ രാഘവൻ മാഷ് & ടീം അഭിനന്ദനങ്ങൾ!



**ജോസഫ് ജോൺ, പാലാ ഏരിയാ കൺവീനർ**

## ക്ഷമാപണം

2021 ജനുവരി ലക്കത്തിൽ ശ്രീ.ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ടിന്റെ പേരിൽ പ്രസിദ്ധീകരിച്ച **വിടരൂ സോമലതേ** എന്ന ഗാനം മൌലിക സൃഷ്ടിയല്ലെന്നും അതൊരു പഴയ സിനിമാപ്പാട്ടായിരുന്നെന്നും ശ്രീ.ടോമി അറിയിച്ചു. ഇത് പ്രസിദ്ധീകരിക്കുന്ന സമയത്ത് വട്സാപ്പ് മെസ്സേജുകളിലൂടെ കൈമാറിയ വിവരങ്ങളിൽ സംഭവിച്ച വ്യക്തതക്കുറവ് മൂലം ഉണ്ടായ ഈ പിശകിൽ നിർവ്യാജം ഖേദിക്കുന്നു.

മാനേജിംഗ് എഡിറ്റർ




**ഫെബ്രുവരി 28**

# നർമ്മ വീഥി







Remember you gave me a loan to buy a taxi? Well, now I want another to buy petrol!

Nowadays kids are given almonds & supplements for their memory. During our times we get a big slap and we remember everything😂





Of late, while settling the bill at a restaurant, it feels like both the Central Government and the State Government had dinner with us.

# കൗതുക വാർത്തകൾ

ഈ ചിത്രത്തിൽ കാണുന്നത് പ്രേം ജി എന്ന മഹാനടനാണ്. ഈ ഭാവം 'ഏകലോചനം' എന്നാണറിയപ്പെടുന്നത്.മുഖത്തിന്റെ പകുതി മറച്ചു പിടിച്ച് നോക്കിയാൽ ഒരു പകുതിയിൽ സങ്കടവും മറുപകുതിയിൽ സന്തോഷവും കാണാം. ശ്രീ.പ്രേംജി യെ കൂടാതെ ഈ കഴിവ് ഉണ്ടായിരുന്നത് ലോകപ്രശസ്ത കഥകളി നടൻ കലാമണ്ഡലം കൃഷ്ണൻ നായരാശാന് മാത്രമായിരുന്നു.











എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി യൂണിറ്റ് അംഗം ശ്രീ. സണ്ണി ജോസഫിന്റെ മാതാവ് ശ്രീമതി.ഏലിയമ്മ ജോസഫ് നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. 87 വയസ്സായിരുന്നു. ദു:ഖിതരായ ശ്രീ. സണ്ണി ജോസഫിന്റെയും സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കു മൊപ്പം എസ്.ബി.ഐ പെൻഷനേഴ്സ് അസോ സിയേഷനും പങ്കു ചേരുന്നു.

## അഡ്വ.ബാലഗോപാൽ



അഡ്വ. ബാലഗോപാൽ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണൂർ യൂണിറ്റ് അംഗം (എൽ.എം. 3310) ശ്രീമതി. റ്റി.പി.വിലാസിനിയുടെ ഭർത്താവ് അഡ്വ. ബാലഗോപാൽ നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു ശ്രീമതി. റ്റി.പി.വിലാസിനിയുടെയും കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്. ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

.




മുൻ എസ്.ബി.റ്റി. ഉദ്യോഗസ്ഥൻ ശ്രീ.വി.റ്റി.ജോസഫിന്റെ മാതാവ് ശ്രീമതി. ഏലിക്കുട്ടി തോമസ് നിര്യാതയായ വിവരം വ്യസനനസമേതം അറിയിക്കുന്നു.

സംസ്കാരം 16.02.2021 ചൊവ്വാഴ്ച്ച രാവിലെ 9 മണിക്ക് വല്ലകം സെന്റ് മേരി മേരീസ് പള്ളി സെമിത്തേരിയിൽ നടത്തി. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

## ആനറ്റ് ഓസ്റ്റിൻ

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ചീഫ് മാനേജരായിരുന്ന ശ്രീ.ഓസ്റ്റിൻ ഫിഗറാഡൊവിന്റെ ഭാര്യ ശ്രീമതി. ആനറ്റ് ഓസ്റ്റിൻ 14.02.2021 ഞായറാഴ്ച്ച ഉച്ചയോടെ ഹൃദയ സ്തംഭനം മൂലം നിര്യാതയായ വിവരം ഖേദപൂർവം അറിയിച്ചു കൊള്ളുന്നു. ആദരാഞ്ജലികൾ !



ശ്രീമതി. ആനറ്റ് ഓസ്റ്റിൻ




കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ ശക്തിയും കരുത്തുമായിരുന്ന പ്രിയപ്പെട്ട ടോമി മൺ മറഞ്ഞിട്ട് ഫെബ്രുവരി 20ന് ഒരു വർഷം!! അദ്ദേഹത്തിന്റെ ദീപ്തസ്മരണകൾക്ക് മുന്നിൽ കോട്ടയം പ്രവർത്തകരുടെ കൂപ്പുകൈ!






## ഉപദേശക സമിതി

ശ്രീ.കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി

## പത്രാധിപ സമിതി

രക്ഷാധികാരി

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

മാനേജിംഗ് എഡിറ്റർ

**ശ്രീ.എം.ജി.രാഘവൻ**

ചീഫ് എഡിറ്റർ

**ശ്രീ.പി.പി.ഫിലിപ്പ്**

പത്രാധിപ സമിതി അംഗങ്ങൾ

പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങളും എല്ലാ അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.

ചീഫ് എഡിറ്റർ